ആശയവിനിമയവും കോവിഡ് 19ഉം





കോവിഡ് കാലത്തെ ഫോണിലൂടെയുള്ള മെച്ചപ്പെട്ട ആശയവിനിമയം


ഈ റിസോർസ്

കോവിഡ് 19 കാലത്തെ സാമൂഹിക അകലം പാലിക്കൽ, മുഖാമുഖ സംഭാഷണങ്ങൾക്ക് പകരം, ദൃശ്യ ശ്രവ്യ മാധ്യമങ്ങളുടെ ഉപയോഗം വർദ്ധിപ്പിച്ചിരിക്കുന്നു

സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന ആളുകളിൽ, ഫോൺ ആശയവിനിമയം മാത്രമേ പലപ്പോഴും സാധ്യമാവുകയുള്ളൂ. എന്നാൽ, ഇതിൽ വളരെ കുറച്ച് ആളുകൾക്ക് മാത്രമേ, ഇതിനായുള്ള പരിശീലനം ലഭിച്ചിട്ടുള്ളൂ


ഫോൺ സംഭാഷണങ്ങളിൽ നിന്ന് മികച്ച ആശയവിനിമയ ഫലങ്ങൾ എങ്ങനെ നേടാമെന്ന് ഈ ലേഖനം പറയുന്നു















ഈ റിസോർസ്

ഫോണിലൂടെയുള്ള ആശയവിനിമയം എങ്ങനെ മെച്ചപ്പെട്ടത് ആക്കാം എന്നുള്ളതിനെ പറ്റി ഈ ലേഖനത്തിൽ വിവരിക്കുന്നു.

ഫോൺ സംഭാഷണങ്ങളിൽ പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ഇത് വളരെ പ്രയോജനം ചെയ്യും.



പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവർ




ശ്രദ്ധക്കുറവ് നേരിടുന്ന കുട്ടികളും മുതിർന്നവരും




വൃദ്ധജനങ്ങൾ



സാമൂഹിക പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളും മുതിർന്നവരും



വൈറസിന് മുമ്പ് തന്നെ വളരെയധികം ആശങ്കയിലാണ്ടവർ



അപരിചിതമായ ഭാഷ കേൾക്കുന്നവർ







ഫോൺ ആശയവിനിമയം ദൃശ്യ സൂചകങ്ങളെ തടസ്സപ്പെടുത്തുന്നു

- കോവിഡ് 19 മൂലമുള്ള സാമൂഹിക അകലം പാലിക്കൽ, കേൾവിക്ക് സഹായമാകുന്ന ദൃശ്യ സൂചകങ്ങളെ തടസ്സപ്പെടുത്തുന്നു
  - ഫോൺ സംഭാഷണങ്ങളിൽ ദൃശ്യ സൂചകങ്ങൾ പൂർണമായും ഒഴിവാക്കപ്പെടുന്നു
  - വീഡിയോ കോളുകൾ ദൃശ്യ വിവരങ്ങളെ പരിമിതപ്പെടുത്തുന്നു
  - ഫെയ്സ് മാസ്കുകൾ ഉപയോഗിക്കുന്നതുമൂലം മുഖം കാണുന്നതും, ലിപ് റീഡിംഗും തടസ്സപ്പെടുന്നു; ശബ്ദവും കുറയുന്നു

ഫോൺ സംഭാഷണങ്ങളിലെ പ്രശ്നങ്ങൾ


ആളുകൾ വ്യത്യസ്ത അളവിലുള്ള വിഷ്വൽ സൂചകങ്ങളെ ആശ്രയിക്കുന്നു. മുഖം കാണൽ, ലിപ് റീഡിംഗ്, ബോഡി ലാംഗ്വേജ് വായിക്കൽ എന്നിവയാണ് ഇവ


ഫോൺ സംഭാഷണങ്ങളിൽ ഈ സൂചകങ്ങൾ ഇല്ലാത്തതിനാൽ ആളുകൾക്ക് അപരിചിതരുമായുള്ള സംഭാഷണങ്ങൾ അസ്വസ്ഥത സൃഷ്ടിച്ചേക്കാം

ഇവർ ഫോൺ സംഭാഷണങ്ങൾ കുറയ്ക്കുകയോ അല്ലെങ്കിൽ ഒഴിവാക്കുകയോ ചെയ്തേക്കാം



വിഷ്വൽ സൂചകങ്ങളില്ലാതെ, ഫോൺ സംഭാഷണങ്ങളിൽ വാക്കുകൾക്ക് മാത്രം കൂടുതൽ അർത്ഥം നൽകേണ്ടതുണ്ട്





സംസാരിക്കുന്ന വാക്കുകൾ നന്നായി മനസ്സിലാക്കാൻ സഹായിക്കുന്നതിനുള്ള വഴികൾ

സ്ഥലം

നിങ്ങൾ എവിടെയായിരുന്നാലും പശ്ചാത്തല ശബ്ദം കുറവാണെന്ന് ഉറപ്പാക്കുക

നിങ്ങൾ വിളിക്കുന്ന വ്യക്തിക്ക് ചുറ്റും പശ്ചാത്തല ശബ്ദമുണ്ടെങ്കിൽ അവർ അവിടെ നിന്നും മാറി നിൽക്കുവാൻ നിർദ്ദേശിക്കുക

രഹസ്യാത്മക കാര്യങ്ങൾ ചർച്ച ചെയ്യുകയാണെങ്കിൽ അത് മറ്റാരും കേൾക്കുന്നില്ല എന്ന് അവർക്ക് ഉറപ്പ് നൽകുക.

ഒരു വീഡിയോ കോൾ ആണെങ്കിൽ, നിങ്ങൾക്ക് ചുറ്റുമുള്ള ഇടം കാണിക്കുക, അതുവഴി സംഭാഷണം കേൾക്കാൻ മറ്റാരുമില്ലെന്ന് അവർക്ക് കാണാൻ കഴിയും

കളിയാക്കുന്നത് ഒഴിവാക്കുക

- "നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ?" എന്ന ചോദ്യം ഒഴിവാക്കുക


- "ഞാൻ പറഞ്ഞത് ശരിയായോ, ഒന്നുകൂടി വിശദീകരിക്കേണ്ടത് ഉണ്ടോ" എന്ന് ചോദിക്കുക

പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള വ്യക്തികൾക്ക്, പതിവായി കളിയാക്കപ്പെട്ട അനുഭവങ്ങളുണ്ട്



മനസ്സിലാക്കാൻ തടസ്സം നിൽക്കുന്ന വേഗത

- ഫോൺ വിളിക്കുമ്പോൾ സാവധാനം സംസാരിക്കുക





ശബ്ദ വ്യതിയാനങ്ങൾ

- പ്രധാനപ്പെട്ട കാര്യങ്ങളും വാക്കുകളും പറയുന്നതിനനുസരിച്ച് ശബ്ദ വ്യതിയാനങ്ങൾ ക്രമപ്പെടുത്തുക

- ശബ്ദ വ്യതിയാനങ്ങൾ നിങ്ങൾ പറയുന്ന കാര്യങ്ങളെ അതേ അർത്ഥത്തോടെ മനസ്സിലാക്കാൻ സഹായിക്കുന്നു

"താളാത്മകമായി സംസാരിക്കുന്ന വാക്കുകളുടെ പ്രഭാവം മിക്കവാറും ജൈവശാസ്ത്രപരമായ ആണ്. ഇത് മനുഷ്യരെ ആശ്വസിപ്പിക്കുകയും ജീവസുറ്റതാക്കുകയും ചെയ്യുന്നു"

[റോബർട്ട് പിന്സ്കി, 1997-2007,
അമേരിക്കൻ കവി, പുരസ്കാര ജേതാവ്]

ഹ്രസ്വമായിരിക്കുക

ആവശ്യമുള്ളത് മാത്രം പറയുക - ആവശ്യമില്ലാത്ത വാക്കുകൾ വൈജ്ഞാനിക ഭാരം സൃഷ്ടിക്കുന്നു, അത് നല്ല ഗ്രാഹ്യത്തിന് തടസ്സമാണ്

വിഷയമാറ്റങ്ങൾ സൂചിപ്പിക്കുക



ഇടയ്ക്കു നിർത്തുക

- വാക്യങ്ങൾക്കു ഉള്ളിലും
- വാക്യങ്ങൾക്ക് ഇടയിലും
- പറയുന്നവർക്ക് ഇടയിലും



ഇടയ്ക്ക് നിർത്തി സംസാരിക്കുന്നത്
പറഞ്ഞ കാര്യങ്ങളുടെ ശരിയായ
പ്രക്രിയയ്ക്ക് തലച്ചോറിനെ സഹായിക്കുന്നു

തയ്യാറെടുക്കൽ

- സംഭാഷണം എന്തിനെക്കുറിച്ചാണ് എന്ന് അറിയുന്നത് സംഭാഷണം നന്നായി മനസ്സിലാക്കാൻ സഹായിക്കുന്നു

- എന്തായിരിക്കും പറയപ്പെടുന്നത് എന്ന് മനസ്സിലാക്കുവാൻ അത് വ്യക്തികളെ തയ്യാറാക്കുന്നു

- കൂടാതെ അവർ എന്താണ് പറയാൻ ശ്രമിക്കുന്നത്, അതിനും അവരെ തയ്യാറാക്കുന്നു

ഫോൺ കോളിന് മുമ്പ്, ഒരു കുറിപ്പ് തയ്യാറാക്കി ഫോട്ടോ, എസ്എംഎസ് അല്ലെങ്കിൽ ഇമെയിൽ വഴി വ്യക്തിക്ക് അയയ്ക്കുക

നിങ്ങളുടെ പ്രതിഫലത്തെ കുറിച്ച് സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു

നിങ്ങളിൽനിന്ന് ഒന്നും കേൾക്കാത്ത അതിനാൽ അവ നിർത്തി

നിങ്ങൾക്ക് അത് എങ്ങനെ തിരിച്ചു കിട്ടും എന്ന് നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു

ഫോൺകോളുകൾക്കിടയിൽ ദൃശ്യ സൂചകങ്ങൾ ചേർക്കുക

- ചർച്ചചെയ്ത് പ്രധാന കാര്യങ്ങളുടെ ഒരു കുറിപ്പ് ഉണ്ടാക്കുക
- അത് ഒരു ഫോട്ടോയെടുത്ത് സന്ദേശമായി അയയ്ക്കുക




പോസ്റ്റ് ലേർണിംഗ്

- ഒരു വ്യക്തി പറഞ്ഞ കാര്യം കേൾക്കുന്നവർ എങ്ങനെ മനസ്സിലാക്കി എന്നതിന് വ്യക്തത ലഭിക്കുവാൻ സഹായിക്കുന്നു
- വ്യക്തിക്ക് സംഭാഷണത്തെ കുറിച്ച് കൃത്യമായ ഒരു ധാരണ ഉണ്ടെന്ന് ഉറപ്പു വരുത്തുവാൻ സഹായിക്കുന്നു
- പിന്നീട് ഒരു തർക്കം ഉണ്ടായാൽ പറഞ്ഞ സംഭാഷണങ്ങളിൽ പ്രധാനപ്പെട്ട കാര്യങ്ങളുടെ തെളിവ് നൽകുന്നു



ഫോൺ കോളിൽ ചർച്ച ചെയ്ത കാര്യങ്ങൾ ഒരു SMS അല്ലെങ്കിൽ ഇമെയിൽ വഴി അയയ്ക്കുക




ഫോൺ
സംഭാഷണത്തിനുശേഷം
ഫോട്ടോയെടുത്ത്
സന്ദേശമയക്കുന്ന
ഉദാഹരണം

വീഡിയോ ഫോളോ അപ്പ്

- സംഭാഷണത്തിലെ പ്രധാന കാര്യങ്ങൾ ഉൾപ്പെടുത്തിയ ഒരു ഹ്രസ്വ വീഡിയോ നിർമ്മിക്കുക
- ആവർത്തിക്കാൻ ആവശ്യപ്പെടുന്നതിലൂടെയുള്ള ലജ്ജ ഒഴിവാക്കി ആ വ്യക്തിക്ക് വീണ്ടും കാണാനും കേൾക്കാനും കഴിയുന്നു
- എന്താണ് പറഞ്ഞതെന്ന് മനസിലാക്കാൻ സഹായിക്കുന്നതിന് അവർക്ക് മറ്റുള്ളവരിൽ നിന്ന് സഹായം ചോദിക്കാൻ കഴിയും







ഏറ്റവും പരിചിതമായ ഭാഷ

- മുഖാമുഖം ആശയവിനിമയം സാധ്യമല്ലാത്തപ്പോൾ ഒരു വ്യക്തിയുടെ ഏറ്റവും പരിചിതമായ ഭാഷയിൽ ആശയവിനിമയം നടത്തുന്നത് കൂടുതൽ പ്രധാനമാണ്

- ഇത് കൂടുതൽ വിജയകരമായ ആശയവിനിമയത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു

- ലഭ്യമാണെങ്കിൽ വ്യാഖ്യാതാക്കളെ ഉപയോഗപ്പെടുത്തുക

    - വ്യാഖ്യാതാക്കളെ തന്ത്രപരമായി ഉപയോഗപ്പെടുത്തുവാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക

Utell.online – വിവരങ്ങൾ എളുപ്പത്തിൽ പങ്കിടാം


- രണ്ടു ഹ്രസ്വ വീഡിയോകൾ അപ്‌ലോഡ് ചെയ്യാനും അയക്കുവാനും വേണ്ടി ഡാമിയൻ വികസിപ്പിച്ച ഒരു ഓൺലൈൻ അപ്ലിക്കേഷൻ ആണ് ഇത

ഉദാഹരണം:


- നിങ്ങൾ ഫോണിൽ പറഞ്ഞ കാര്യങ്ങൾ സംഗ്രഹിച്ചുള്ള നിങ്ങളുടെ വീഡിയോ
- നിങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് വ്യാഖ്യാതാവ് നൽകുന്ന വിവരത്തനം

ഇത് ഒരൊറ്റ URL ആയി രേഖപ്പെടുത്താവുന്നതാണ്. നിങ്ങളുടെ ബ്രൗസറിൽ സന്ദർശിക്കുക:

https://utellonline
or utell.online



നിങ്ങൾ ഒരു ഹ്രസ്വ വീഡിയോ ഉണ്ടാക്കുക




വ്യാഖ്യാതാവ് നൽകുന്ന വീഡിയോ വിവരത്തനം

നിങ്ങൾ തിരക്കിലായിരിക്കുമ്പോൾ എന്തിനാണ് കൂടുതൽ ചെയ്യുന്നത്

- കാരണം ഇത് ആശയവിനിമയം കൂടുതൽ മികച്ചതാക്കുന്നു
    - പ്രത്യേകിച്ച്, ഫോൺ ആശയവിനിമയത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക്

- തെറ്റിദ്ധാരണകളുടെ ഫലമായുണ്ടാകുന്ന ഭാവി സമയവും പ്രശ്നവും ഇത് ലാഭിക്കുന്നു
    - ഒന്നിലധികം കോളുകൾ, ഇടപഴകൽ അല്ലെങ്കിൽ പരാതികൾ എന്നിവ മികച്ച ആശയവിനിമയം നടത്താൻ കൂടുതൽ സമയവും പരിശ്രമവും എടുക്കും

- സൂചികൊണ്ടെടുപ്പാനുള്ളതു തൂമ്പാകൊണ്ടാക്കരുതു - നേരത്തേയുള്ള പരിഹാരം പിന്നീടുള്ള ജോലിഭാരം കുറയ്ക്കുന്നു




This Photo by Unknown Author is licensed under CC BY-SA

പ്രാദേശികമായി പ്രവർത്തിക്കുവാൻ ആഗോളമായി പങ്കിടുക

- തദ്ദേശീയ ഓസ്ട്രേലിയക്കാരുടെ ആശ്രയവിനിമയ പോരായ്മകളെ മറികടക്കാൻ, ഫീനിക്സ് കൺസൾട്ടിംഗ് എന്ന ഒരു ചെറു കമ്പനി സൃഷ്ടിച്ചതാണ് ഈ ലേഖനം

- മാനവികതയുടെ ഈ പൊതുവെല്ലുവിളിയെ നേരിടുവാൻ അറിവിൻറെ ആഗോള പങ്കിടൽ ആവശ്യമാണെന്ന നാം വിശ്വസിക്കുന്നു



കൂടുതൽ വിവരങ്ങൾക്ക് ഇംഗ്ലീഷിൽ ബന്ധപ്പെടുക

officeatphoenix@gmail.com or go to
http://www.phoenixtraining.online/or
www.lookafterkidsears.com.au

അഥവാ ഈ റിസോർസുമായി ബന്ധപ്പെട്ട അപ്ഡേറ്റ്കൾക്കായി ഇമെയിൽ ചെയ്യാവുന്നതാണ്

ഈ റിസോർസ് വികസിപ്പിച്ചത്



Phoenix Consulting

ഡോക്ടർ ഡാമിയൻ ഹോവാർഡ്
പിന്നോക്കം നിൽക്കുന്ന ഗ്രൂപ്പുകളുടെ ആശയവിനിമയ പ്രശ്നങ്ങളിൽ വിദഗ്ധനായ സൈക്കോളജിസ്റ്റ്



മിസ്സ് ജോഡി ബാർണി
തദ്ദേശീയ കമ്മ്യൂണിറ്റി കൺസൾട്ട് വിഷ്വൽ കമ്മ്യൂണിക്കേഷൻ വിദഗ്ധയുമാണ്



മിസ്സ് ആൻ കാർമോഡി
സ്പീച്ച് തെറാപ്പിസ്റ്റും, വെർബൽ കമ്മ്യൂണിക്കേഷൻ വിദഗ്ധയുമാണ്

മലയാള വിവർത്തനം

ഡോ. സുനില ജോൺ
അസോസിയേറ്റ് പ്രഫസർ
സ്പീച്ച് ആൻഡ് ഹിയറിംഗ് വിഭാഗം
മണിപ്പാൽ അക്കാദമി ഓഫ്
ഹയർ എജുക്കേഷൻ

മിസ്. സെറിൻ ജിയ ഫിലിപ്പ്
സ്പീച്ച് ആൻഡ് ഹിയറിംഗ് വിഭാഗം
മണിപ്പാൽ അക്കാദമി ഓഫ്
ഹയർ എജുക്കേഷൻ




എനിക്ക് മനസ്സിലായില്ല
അത് നിങ്ങൾക്ക്
ആവർത്തിക്കാനാകുമെന്ന്